# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 362 — 17.12.2014 ൽ മറുപടിക്ക്

## ആശുപത്രി മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ<br>" എം.ചന്ദ്രൻ<br>" കെ.വി. അബ്ദുൾ ഖാദർ<br>" വി. ശിവൻകുട്ടി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആശുപത്രി മാലിന്യ സംസ്കരണത്തിനായി സംസ്ഥാനത്തുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; | (എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും മറ്റ് ആശുപത്രികളിൽ നിന്നും പ്രതിദിനം പുറംതള്ളുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ ഐ.എം.എ-യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇമേജ് എന്ന സ്ഥാപനവുമായി ഒപ്പിട്ട കരാറിന്റെ അടിസ്ഥാനത്തിലാണ്. ബയോമെഡിക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ഒരു കിടക്കയ്ക്ക് ഒരു ദിവസം 3.50/-രൂപ (മൂന്ന് രൂപ അൻപത് പൈസ) എന്ന നിരക്കിൽ നല്കിവരുന്നു.<br>ആശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യങ്ങളായ സൂചികൾ, സിറിഞ്ചുകൾ, മരുന്നുകൾ, കോട്ടൻ കത്തിറ്റുകൾ, മനുഷ്യ കോശാവശിഷ്ടങ്ങൾ തുടങ്ങിയവ വേർതിരിച്ച ശേഷം ഇവ ശേഖരിച്ച് ഇമേജ് സംവിധാനം വഴി സംസ്കരിക്കുന്നു. ചില ആശുപത്രികളിൽ ഇതിനുവേണ്ടി ഇൻസിനറേറ്ററുകൾ, ഷാർപ്പ് പിറ്റ് തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്.<br>പേപ്പർ, ഭക്ഷണാവശിഷ്ടങ്ങൾ, പ്ലാസ്റ്റിക് തുടങ്ങിയ ജനറൽ വേസ്റ്റുകൾ ആശുപത്രിയിൽ വച്ചുതന്നെ സംസ്കരിക്കുന്നു. ചില ആശുപത്രികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും വേസ്റ്റ് സംസ്കരിക്കുന്നു.<br>ദ്രവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുവേണ്ടി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ചില ആശുപത്രികളിൽ നിലവിലുണ്ട്. ജില്ലാ, താലൂക്ക് ആശുപത്രികളിലെ ഖരമാലിന്യ |

നിർമ്മാർജ്ജന പ്രവർത്തനങ്ങൾ അതാത് മുൻസിപ്പാലിറ്റി/കോർപ്പറേഷൻ/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്ത നത്തിന്റെ ഭാഗമായാണ് നടന്നുവരുന്നത്.
പി.എച്ച്.സി, സി.എച്ച്.സി തുടങ്ങിയ ചെറിയ സ്ഥാപനങ്ങളിൽ നിലവിൽ സുരക്ഷിതമായി ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ അനുശാസിക്കുന്ന തരത്തിൽ ആഴത്തിൽ കുഴിച്ച് മൂടുകയോ കത്തിക്കുകയോ ആണ് ചെയ്യുന്നത്.

| | | | |
|---|---|---|---|
| (ബി) | ഐ.എം.എ സ്വകാര്യമേഖലയിൽ മാലിന്യ സംസ്കരണത്തിനായി സ്ഥാപിച്ചിട്ടുള്ള സ്ഥാപനത്തെ ക്കുറിച്ച് ഉയർന്നു വന്നിട്ടുള്ള പരാതി അന്വേഷിച്ചിരുന്നോ ? | (ബി) | അന്വേഷിച്ചിരുന്നു. പാലക്കാട് പുതുശ്ശേരി പഞ്ചായത്തിൽ ഐ.എം.എ.യുടെ ഉടമസ്ഥ തയിലുള്ള ഇമേജ് എന്ന മാലിന്യ സംസ്കരണ യൂണിറ്റിൽ നിന്നും അണു വിമുക്തമാക്കിയതായി കരുതപ്പെടുന്ന ആശുപത്രിമാലിന്യങ്ങൾ 18.08.2014-ന് ലോറിയിൽ കയറ്റി കൊണ്ടുപോകുമ്പോൾ പൊതുവഴിയിൽ വീഴുകയും ലോറി ഡ്രൈവറെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് ജില്ലാ ആർ.സി.എച്ച് ആഫീസർ സാമ്പിളുകൾ ശേഖരിക്കുകയും തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് മൈക്രോബയോളജി വിഭാഗ ത്തിലേക്ക് വിദഗ്ധ പരിശോധനക്കായി അയയ്ക്കുകയും ചെയ്തു. കൂടാതെ ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ എന്നിവർ സംയുക്തമായി ഇമേജ് പ്ലാന്റിൽ അന്വേഷണം നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത വിഷയ വുമായി ബന്ധപ്പെട്ട് ഡോ.കെ.എസ്.പണിക്കർ എന്ന വ്യക്തി ബഹു.കേരളാ മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ പരാതി നല്കുകയും പരാതിയിൽ പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസർ അന്വേഷണം നടത്തുകയും റിപ്പോർട്ട് മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ